


www.facebook.com/palakkadpolice
www.twitter.com/DpcPalakka

## കുപ്രസിദ്ധ അന്തർ ജില്ലാ മോഷ്ടാവ് അമൽജിത്ത് പിടിയിൽ

സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ കവർച്ച രാത്രികാലങ്ങളിൽ ഭവനഭേദനം, കടകൾ തുറന്ന് മോഷണം, വാഹനമോഷണം, അടിപിടി, പോക്സോ കേസ്, ലഹരി കടത്ത്, ട്രെയിനിൽ നിന്നും ബാഗ് മോഷണം, പിടിച്ചു പറി എന്നീ കേസിലെ പ്രതിയായ കണ്ണൂർ അഞ്ചല്ലൂർ പേലയാട് സ്വദേശിയും പാലക്കാട് വടക്കഞ്ചേരിയിലെ വിവിധ സ്ഥലങ്ങളിൽ താമസിച്ചിരുന്ന അമൽജിത്ത് എന്ന അമലിനെ കൊല്ലങ്കോട് പോലീസും ഡാൻസ് സ്ക്വാഡും ചേർന്ന് പിടികൂടി.



# കുപ്രസിദ്ധ അന്തർജില്ലാ മോഷ്ടാവ് പിടിയിൽ

പാലക്കാട്: സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലായി നിരവധി മോഷണക്കേസുകളും കുറ്റകൃത്യങ്ങളിലും ഉൾപ്പെട്ട കുപ്രസിദ്ധ മോഷ്ടാവിനെ കൊല്ലങ്കോട് പോലീസ് പിടികൂടി. കണ്ണൂർ അഞ്ചല്ലൂർ പേലയാട് സ്വദേശിയും പാലക്കാട് വടക്കഞ്ചേരിയിലെ വിവിധ സ്ഥലങ്ങളിൽ വാടകയ്ക്ക് താമസിച്ചിരുന്നതുമായ അമൽജിത്തിനെയാണ് അറസ്റ്റ് ചെയ്തത്.
കവർച്ച, ഭവനഭേദനം, കടകൾ കുത്തിത്തുറന്ന് മോഷണം, വാഹനമോഷണം, അടിപിടി, മനപൂർവ്വമല്ലാത്ത നരഹത്യ, പോക്സോ, ലഹരി കടത്ത്, പിടിച്ചുപറി, മൊബൈൽ മോഷണം തുടങ്ങി നിരവധി കേസുകളിലെ പ്രതിയാണ് ഇയാളെന്ന് പോലീസ് പറഞ്ഞു.
രണ്ടു വർഷമായി പോലീസിന് പിടികൊടുക്കാതെ കളവ് നടത്തിവരുകയായാണ്.
പാലക്കാട്, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലയിലെ പല സ്റ്റേഷനുകളിലും ഇയാൾക്കെതിരെ കേസുണ്ട്. ഒരു സ്ഥലത്തും ഒന്നിലധികം ദിവസം പ്രതി ചിലവഴിക്കാറില്ലാത്തതിനാൽ പോലീസിന് കണ്ടെത്തുക പ്രയാസമായിരുന്നു. സ്ഥിരമായി വാസസ്ഥലം ഇല്ല. ഒറ്റയ്ക്കും കൂട്ടായും കുറ്റകൃത്യങ്ങളിൽ ഏർപ്പെടും. മോഷ്ടിച്ചെടുക്കുന്ന ഇരുചക്രവാഹനത്തിൽ കറങ്ങിയാണ് പിടിച്ചുപറിയും മോഷണവും നടത്താറുള്ളത്. ന്യൂമാഹിയിൽ നിന്നും മോഷ്ടിച്ച ബൈക്കാണ് പിടിയിലാവുമ്പോൾ ഇയാളുടെ കൈവശമുണ്ടായിരുന്നത്.
ഷൊർണൂർ റെയിൽവേ പോലീസ് അന്വേഷിക്കുന്ന കേസിലും ഇയാൾ പ്രതിയാണ്. വടക്കഞ്ചേരി, ആലത്തൂർ, ചിറ്റൂർ ഭാഗങ്ങളിലും പ്രതി കളവ് ചെയ്തിട്ടുണ്ട്. പല ജില്ലകളിലായി 50 ഓളം കേസിലെ പ്രതിയാണ് അമൽജിത്തെന്ന് പോലീസ് അറിയിച്ചു. പ്രതി മോഷ്ടിച്ച് ലഭിക്കുന്ന പണം ധൂർത്തടിക്കുന്നതിനും ലഹരിക്കായുമാണ് ചെലവിട്ടിരുന്നത്. വിയ്യൂർ, കണ്ണൂർ തുടങ്ങിയ ജയിലുകളിൽ ശിക്ഷ അനുഭവിച്ച് കിടന്നിട്ടുണ്ട്.
കൊല്ലങ്കോട് ഇൻസ്പെക്ടർ എ. വിപിൻദാസ്, എസ്.ഐ. കെ. ഷാഹുൽ, എസ്.സി.പി.ഒ. ഉവൈസ്, സി.പി.ഒ.മാരായ എസ്. ജിജോ, സമീർ, വി. നിരോഷ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ആർ. രാജീദ്, സമീർ എന്നിവരാണ് പ്രതിയെ പിടികൂടിയത്.

പാലക്കാട്, തൃശ്ശൂർ , മലപ്പുറം , കോഴിക്കോട്, കണ്ണൂർ ജില്ലയിലെ പല സ്റ്റേഷനുകളിലും പ്രതിക്ക് കേസുണ്ട്. പല ജില്ലകളിലായി 50 ഓളം കേസിലെ പ്രതിയാണ് അമൽജിത്ത് . 2 വർഷമായി പോലീസിന് പിടി കൊടുക്കാതെ കളവ് നടത്തിവരുകയാണ്.

ജില്ലാ പോലീസ് മേധാവി R വിശ്വനാഥ IPS ന്റെ നിർദ്ദേശാനുസരണം കൊല്ലങ്കോട് ഇൻസ്പെക്ടർ എ വിപിൻദാസ് ,എസ് ഐ . ഷാഹുൽ കെ. എസ് ഐ ഉണ്ണി, SCPO ഉവൈസ്, ജിജോ , സാജിദ്, ബൈജു , ഷാജു, നിരോഷ , ഡാൻ സാഫ് സ്ക്വാഡ് അംഗങ്ങളായ ജലീൽ , കൃഷ്ണദാസ്, കബീർ . K, രാജീദ്. R, സമീർ, സൂരജ് , ദിലീപ് എന്നിവരാണ് പ്രതിയെ പിടികൂടിയത്.

.....................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT